കവിത 8

**ഗോളാകൃതിയിലുള്ള മുറി**

തലച്ചോറ് ഒരു ടെലിവിഷൻ.

ഉന്മാദിയുടെ കയ്യിൽ റിമോട്ട്.

ക്ലാസ് മുറിയിലായിരിക്കുമ്പോൾ

പുൽമേടുകളുടെ ആകാശദൃശ്യങ്ങൾ.

പരീക്ഷയ്ക്കിരിക്കുമ്പോൾ ചെയ്യേണ്ടിയിരുന്ന

ചെയ്തിട്ടില്ലാത്ത

കാര്യങ്ങളുടെ പട്ടിക.

സൂപ്പർ മാർക്കറ്റിൽ ആയിരിക്കുമ്പോൾ

ഇല്ലാത്തവ

ഒരിക്കലും ഉണ്ടായിരുന്നിട്ടില്ലാത്തവ മാത്രം.

ഇലയനക്കത്തിലും ഇടിമുഴക്കത്തിലും നടുക്കം

ഉറക്കത്തിലും ഉണർവിലും അസ്വസ്ഥതകൾ

സ്നേഹിക്കപ്പെടുമ്പോഴും

അല്ലാതിരിക്കുമ്പോഴും

ഒരേ കുറ്റബോധം.

തലയ്ക്കകത്തു നിന്നും പരിചിതമായ

കാരുണ്യമില്ലാത്ത ശബ്ദം.

കവിതയ്ക്ക് പോലും കൊല്ലാൻ കഴിയാത്ത,

എല്ലാറ്റിനേയും മൂടുന്ന വിശപ്പ്.

മിന്നാമിനുങ്ങുകൾ പോലുള്ള,

പെട്ടെന്ന് പിടി തരുന്ന,

കുപ്പിയിലൊതുങ്ങിയാൽ ചത്തുപോകുന്ന,

വാക്കുകളെ തീപിടിപ്പിക്കാത്ത

ചിന്തകൾ.

എന്റെ ചെറിയ പ്രേമങ്ങളെ

വലിയ യുദ്ധങ്ങൾ കൊണ്ട് തോൽപ്പിച്ച മനുഷ്യർ.

സിഗരറ്റിന്റെ [1] കറുത്ത ഓർമ്മകൾ

നടക്കാനിറങ്ങുന്ന മഞ്ഞ വൈകുന്നേരങ്ങൾ.

സ്ക്രീനിൽ തുറന്നിട്ട ടാബുകൾ,

സേവ് ചെയ്യാത്ത ഡോക്യുമെന്റുകൾ,

പാതിയെഴുതിയ കവിതകൾ,

പകുതിപോലും വായിക്കാത്ത പുസ്തകങ്ങൾ,

പൂർത്തിയാക്കപ്പെടാത്തവയുടെ പ്രേതങ്ങൾ.

പ്രിയപ്പെട്ട റിറ്റാലിൻ [2],

തൊണ്ടയിൽ തറഞ്ഞ ആണി പോലെ,

വീണ്ടും അവമാനങ്ങൾ,

പഴയ വേദനകൾ,

പുതിയ നിരാശകൾ, സ്ഥിരം സമാധാനമില്ലായ്മകൾ.

ആൾക്കൂട്ടത്തിലായിരിക്കുമ്പോൾ മരണഭയം

ഒറ്റയ്ക്കായിരിക്കുമ്പോൾ ആത്മഹത്യാശ്രമം

ജീവിതം ഗോളാകൃതിയിലുള്ള മുറി

ഞാൻ അതിൽ ഒരു പൂച്ച.

1. അൽബേർ കാമുവിന്റെ പൂച്ച

2. എ ഡി എച്ച് ഡി  ചികിൽസിക്കാനായി ഉപയോഗിക്കുന്ന  മരുന്ന്

**– നന്ദന എം**